ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

നെടുവൻകാവ് പ്രൈമറി ഹെൽത്ത് സെൻററിലെ കിടക്കകൾ

785 [1154] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ നെടുവൻകാവ് പ്രൈമറി ഹെൽത്ത് സെൻററിലെ കിടക്കകളുടെ എണ്ണവും മറ്റു സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള വല്ല നിർദ്ദേശവും ഗവൺമെൻറിന്റെ സജീവ പരിഗണനയിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് നാട്ടുകാരുടെ നിവേദനം ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) 10 കിടക്കകളുള്ള ഒരു വാർഡ് പണിയുന്നതിന് പൊതുമരാമത്തു വകുപ്പ് അടങ്കൽ തയ്യാറാക്കി വരുന്നു.

(സി) ഉണ്ട്.

(ഡി) 'ബി' യിലെ ഉത്തരം കാണുക.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ

786 [1155] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉണ്ട്;

(ബി) ഇവയിൽ എത്രയെണ്ണത്തോടനുബന്ധിച്ച് സ്റ്റാഫ് ക്വാർട്ടേഴ്സ് ഉണ്ട്;

(സി) എത്രയെണ്ണത്തോടനുബന്ധിച്ച് പ്രസവ വാർഡുകൾ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly